ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# ഹദീസ്നിഷേധത്തിന്റെ ഭവിഷ്യത്ത്

عن عدد من أصحاب النبي، منهم أبو ذر وأبو هريرة وعبد الله بن عمر ,أن رسول الله صلَّى اللهُ عليه وسلَّمَ قال: مَن أَطَاعَنِي فقَدْ أَطَاعَ اللَّهَ، ومَن عَصَانِي فقَدْ عَصَى اللَّهَ [البخاري ومسلم]

**അബൂദർറ്, അബൂഹുറൈറ, അബ്ദുല്ലാഹിബ്നു ഉമർ തുടങ്ങിയ ഒരു സംഘം സ്വഹാബികളിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'ആരെങ്കിലും എന്നെ അനുസരിച്ചാൽ തീർച്ചയായും അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നെ ധിക്കരിച്ചാൽ തീർച്ചയായും അവൻ അല്ലാഹുവിനെ ധിക്കരിച്ചു' (ബുഖാരി, മുസ്‌ലിം).**

വിശുദ്ധ ഖുർആൻ കഴിഞ്ഞാൽ വിശ്വാസികളുടെ അടിസ്ഥാന പ്രമാണമായ സുന്നത്തിനെ പിൻപറ്റേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് ഈ ഹദീസ് വിരൽ ചൂണ്ടുന്നത്. പ്രവാചകനെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കുന്നത് പോലെയാണെന്നും പ്രവാചകന്റെ അധ്യാപനങ്ങൾ അനുസരിക്കാതിരിക്കുന്നതു അല്ലാഹുവിനെ ധിക്കരിക്കുന്നതിനു തുല്യമാണെന്നും റസൂൽ പഠിപ്പിക്കുന്നു.

ഇക്കാര്യം വിശുദ്ധ ഖുർആനും ധാരാളം വാക്യങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്:

''പറയുക: അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുക. നിങ്ങൾ പിന്മാറുകയാണെങ്കിൽ അറിയുക; അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുകയില്ല, തീർച്ച'' (3: 32).

മറ്റൊരു വാക്യത്തിൽ ഇപ്രകാരം കാണാം:

''എന്നാൽ തങ്ങൾക്കിടയിൽ വിധിതീർപ്പ് കൽപിക്കാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ക്ഷണിച്ചാൽ സത്യവിശ്വാസികൾ പറയുക ഇതുമാത്രമായിരിക്കും; 'ഞങ്ങൾ കേട്ടിരിക്കുന്നു. അനുസരിച്ചിരിക്കുന്നു.' അവർ തന്നെയാണ് വിജയികൾ'' (24: 51).

ഇത്തരം വാക്യങ്ങളിലെല്ലാം അല്ലാഹുവിനെ അനുസരിക്കണമെന്ന അതേ സ്വരത്തിൽ തന്നെയാണ് അല്ലാഹുവിന്റെ റസൂലിനെയും അനുസരിക്കണമെന്ന് ആജ്ഞാപിക്കുന്നത്. അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്ന ഒരാൾക്കും ഹദീസുകളെ തള്ളിപ്പറയാനാകില്ല.

ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളിലും അല്ലാഹുവിന്റെ റസൂലിന്റെ വിധികൾ പൂർണ സംതൃപ്തിയോടെ അംഗീകരിക്കാത്തവർക്ക് വിശ്വാസികളാകാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

''എന്നാൽ അങ്ങനെയല്ല; നിന്റെ നാഥൻ തന്നെ സത്യം! അവർക്കിടയിലെ തർക്കങ്ങളിൽ നിന്നെ അവർ വിധികർത്താവാക്കുകയും നീ നൽകുന്ന വിധിതീർപ്പിൽ അവരൊട്ടും അലോസരമനുഭവിക്കാതിരിക്കുകയും അതിനെ പൂർണ സമ്മതത്തോടെ സ്വീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവർ സത്യവിശ്വാസികളാവുകയില്ല; തീർച്ച'' (4:65).

മറ്റൊരിക്കൽ നബി (സ) ഈ ആശയം ഇങ്ങനെ വ്യക്തമാക്കി:

അബൂ ഹുറൈറ(റ)യിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും. ധിക്കരിക്കുന്നവൻ ഒഴികെ.' സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ആരാണ് ധിക്കരിക്കുന്നവൻ?' നബി (സ) പറഞ്ഞു: 'എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ പ്രവേശിച്ചു. എന്നെ തിരസ്കരിച്ചവൻ എന്നെ ധിക്കരിച്ചു' (ബുഖാരി).

ഇർബാദു ബ്നു സാരിയ ഉദ്ധരിക്കുന്ന ഒരു സംഭവം. അല്ലാഹുവിന്റെ റസൂൽ (സ) ഒരിക്കൽ ഞങ്ങളോട് ഹൃദയം പിടക്കുന്ന, കരയിപ്പിക്കുന്ന അതിപ്രധാനമായ ഉപദേശം നൽകി. ഞങ്ങൾ പറഞ്ഞു: 'ഇത് അവസാനത്തെ ഉപദേശമാണെന്ന് തോന്നുന്നു. ഞങ്ങൾക്ക് വസ്വിയ്യത്ത് നൽകിയാലും.' റസൂൽ പറഞ്ഞു: 'അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, ഒരു അടിമയാണ് നിങ്ങളുടെ നേതാവെങ്കിൽ പോലും കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങളിൽ ഭാവിയിൽ ജീവിക്കുന്നവർക്ക് ധാരാളം ഭിന്നതകൾ കാണാനാവും. അപ്പോൾ നിങ്ങൾ എന്റെ ചര്യയെയും എനിക്കു ശേഷം വരുന്ന സച്ചരിതരായ ഖലീഫമാരുടെ ചര്യയെയും പിൻപറ്റണം. അതിനെ നിങ്ങളുടെ അണപ്പല്ല് കൊണ്ട് കടിച്ചു പിടിക്കണം. നവനിർമിതികളെ സൂക്ഷിക്കണം. എല്ലാ ബിദ്അത്തുകളും വഴികേടിലാണ്'

(അബൂദാവൂദ്, തിർമിദി).

ഖുർആൻ മാത്രമേ ഞങ്ങൾ സ്വീകരിക്കൂ എന്ന വീക്ഷണത്തെ നബി (സ) അംഗീകരിച്ചില്ല. റസൂൽ പറഞ്ഞു:

'നിങ്ങളാരും ഇവരെപ്പോലെയാകരുത്: അവർ ഇരിക്കുന്നതിനിടയിൽ എന്റെ വിധിവിലക്കുകളിലൊന്ന് അവരുടെയടുക്കലെത്തുന്നു. അപ്പോളവർ പറഞ്ഞു: ഇതൊന്നും ഞങ്ങൾക്കറിയില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതേ ഞങ്ങൾ അനുഗമിക്കുകയുള്ളൂ' (അബൂദാവൂദ്).

ഹദീസുകൾ തള്ളിപ്പറയുന്ന ഒരു കാലം വരാനിരിക്കുന്നുവെന്ന് അല്ലാഹുവിന്റെ റസൂൽ മുന്നറിയിപ്പ് നൽകിയതായി കാണാം: ഹസനുബ്നു ജാബിറി(റ)ൽനിന്ന്. അൽ മിഖ്ദാമുബ്നു മഅദീകരിബ് (റ) പറയുന്നു: ഖൈബർ ദിനം അല്ലാഹുവിന്റെ റസൂൽ ചില സാധനങ്ങൾ നിഷിദ്ധമാക്കി. പിന്നെ ഇപ്രകാരം പറഞ്ഞു: ''ചാരിയിരുന്ന് എന്റെ ഹദീസുകൾ ഉദ്ധരിക്കുന്നതിനിടയിൽ എന്നെ തള്ളിപ്പറയുന്നവൻ നിങ്ങളുടെ കൂട്ടത്തിലുണ്ടാവും. അവൻ പറയും; 'നമുക്കും നിങ്ങൾക്കുമിടയിൽ അല്ലാഹുവിന്റെ ഗ്രന്ഥമുണ്ട്. അതിലുള്ള ഹലാലിനെ മാത്രമേ നാം ഹലാലാക്കേണ്ടതുള്ളൂ. അതിലുള്ള ഹറാമിനെ മാത്രമേ നാം ഹറാമാക്കേണ്ടതുള്ളൂ.' നിങ്ങളറിയുക! അല്ലാഹുവിന്റെ റസൂൽ ഹറാമാക്കിയത് അല്ലാഹു ഹറാമാക്കിയതിന് തുല്യമാണ്'' (ഹാകിം, തിർമിദി, ഇബ്നുമാജ:).

ഒരിക്കൽ സുന്നത്തിനെ കുറിച്ച് പറഞ്ഞുകൊണ്ടിരിക്കെ ഇംറാനുബ്നു ഹുസൈനോട് (റ) ഒരാൾ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ ഗ്രന്ഥത്തെക്കുറിച്ച് സംസാരിക്കുക.' അദ്ദേഹം ദേഷ്യത്തോടെ ഇപ്രകാരം മറുപടി നൽകി: 'സുന്നത്ത് അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ വിശദീകരണമാണ്. സുന്നത്ത് ഇല്ലായിരുന്നുവെങ്കിൽ ളുഹ്ർ നാലാണെന്നും മഗ്രിബ് മൂന്നാണെന്നും ഫജ്ർ രണ്ടാണെന്നും നമുക്ക് അറിയുമായിരുന്നില്ല. സകാത്തിന്റെ വിശദമായ നിയമങ്ങളും നമുക്കറിയില്ലായിരുന്നു. ഇതുപോലെയുള്ള പല വിധികളുടെയും വിശദാംശങ്ങൾ പഠിപ്പിക്കുന്നത് ഹദീസുകളാണ്.'

താബിഈ ആയ അയ്യൂബ് അസ്സഖ്താനി പറഞ്ഞു: 'ഒരാളെ ഹദീസ് കേൾപ്പിച്ചപ്പോൾ ഇതൊഴിവാക്കി ഖുർആൻ കേൾപ്പിക്കുക എന്നവൻ പറയുന്നുവെങ്കിൽ അറിയുക; അവൻ വഴിതെറ്റിവനാണ്' (ബൈഹഖി).

ഇമാം സുയൂതി എഴുതി: 'ശരിയായി നിവേദനം ചെയ്യപ്പെട്ട പ്രവാചകന്റെ വാക്കിനെയോ പ്രവൃത്തിയെയോ ആരെങ്കിലും നിഷേധിച്ചാൽ അവൻ കാഫിറാണ്. ഇസ്‌ലാമിന്റെ വലയത്തിൽനിന്ന് അവൻ പുറത്തായി' (*മിഫ്താഹുൽ ജന്നത്ത് ഫിൽ ഇഹ്തിജാജി ബിസ്സുന്ന:*).

ഇബ്നുൽ ഖയ്യിം എഴുതി: 'ഹദീസിനെ നിഷേധിക്കുന്നവരോട് കടുത്ത കോപവും നീരസവും പ്രകടിപ്പിക്കുന്നവരായിരുന്നു നല്ലവരായ മുൻഗാമികൾ. ഏതെങ്കിലും അഭിപ്രായമോ ഖിയാസോ ഇസ്തിഹ്സാനോ വീക്ഷണമോ ഹദീസിനേക്കാൾ മുൻഗണന നൽകാൻ അവർ വിസമ്മതിച്ചു; അതാരുടേതായാലും' (*ഇഅ്‌ലാമുൽ മുവഖിഈൻ* 4/244). ●